# Mathrubhumi

# 22 August 2018

# Kochi, After Flood, Flood Relief, Navy



## കുടിവെള്ളവും ഭക്ഷണവും ഉറപ്പാക്കാൻ നാവികസേന

**കൊച്ചി** ▸ പ്രളയത്തിൽ കുടുങ്ങിയവരെ രക്ഷിക്കുന്ന പ്രവർത്തനം പൂർത്തിയായതോടെ നാവികസേന മറ്റു രംഗങ്ങളിലേക്ക് ശ്രദ്ധ തിരിച്ചു തുടങ്ങി. കുടിവെള്ള വിതരണത്തിലെ സാങ്കേതിക പ്രശ്നങ്ങൾ പരിഹരിക്കാനുള്ള ശ്രമങ്ങളിലാണ് ഇപ്പോൾ. ഇതിനൊപ്പം ഭക്ഷണ വിതരണവും കാര്യക്ഷമമാക്കുകയാണ്. ദുരിതാശ്വാസത്തിനുള്ള കൂടുതൽ വസ്തുക്കളുമായി സേനയുടെ കപ്പൽ കൊച്ചിയിലെത്തിയിട്ടുമുണ്ട്.

കഴിഞ്ഞ ദിവസം കൊച്ചി നഗരത്തിലുൾപ്പെടെ വെള്ളമെത്തിക്കുന്ന ആലുവയിലെ പമ്പിങ് കേന്ദ്രത്തിലെ തകരാറുകൾ പരിഹരിക്കാൻ സഹകരിച്ച സേനാവിഭാഗം മരടിലെ പ്രശ്നവും തീർത്തു. ആലുവയിൽ മൂന്നു ട്രാൻസ്ഫോർമറുകളാണ് വെള്ളം കയറി കേടായത്.

നാവികസേന ഷിപ്പ് റിപ്പെയറിങ് വിഭാഗത്തിലെയും സിവിലിയൻ വിഭാഗത്തിലെയും ജീവനക്കാരാണ് വാട്ടർ അതോറിറ്റിയുമായി സഹകരിച്ച് യുദ്ധകാലാടിസ്ഥാനത്തിൽ വിതരണം സുഗമമാക്കിയത്. ഇതിനിടെ മരട് പ്രദേശത്തെ പമ്പിങ് സ്റ്റേഷനിൽനിന്നുള്ള നാലു ട്രാൻസ്ഫോർമറുകൾ അറ്റകുറ്റപ്പണിക്കായി സേനാ ആസ്ഥാനത്തെത്തിച്ചു. തിങ്കളാഴ്ച വൈകീട്ടെത്തിച്ച ഉപകരണങ്ങൾ രാത്രിയിൽത്തന്നെ കുറവുതീർത്ത് വാട്ടർ അതോറിറ്റിക്ക് കൈമാറി.

കൊച്ചി നഗരത്തിലെ വലിയ പ്രതിസന്ധിയായ കുടിവെള്ള വിതരണമാണ് ഇതോടെ ഏറെക്കുറെ സാധാരണ നിലയിലാകുന്നത്.

ദുരിതബാധിത പ്രദേശങ്ങളിലും ഒറ്റപ്പെട്ട ചില ക്യാമ്പുകളിലും ആവശ്യത്തിന് ഭക്ഷണസാമഗ്രികൾ വായു മാർഗമെത്തിക്കുന്ന പ്രവർത്തനം തുടരുകയാണ്. കൊച്ചി സർവകലാശാലയിൽ തയ്യാറാക്കിയിരിക്കുന്ന സാമൂഹിക അടുക്കള സംവിധാനം ഏറെ കാര്യക്ഷമതയോടെയാണ് പുരോഗമിക്കുന്നത്. ആദ്യ ദിവസങ്ങളിൽ 3,000 പേർക്ക് ആഹാരമെത്തിച്ചു.

എന്നാൽ പിന്നീടിത് 9,000 വരെയെത്തി. ചൊവ്വാഴ്ച ഉച്ചയ്ക്ക് 7,000 പേർക്കാണ് വിവിധ സ്ഥലങ്ങളിലായി ഭക്ഷണമെത്തിച്ചത്. നാവികസേനയുടെ 22 പേരടങ്ങുന്ന സംഘത്തിനാണ് അടുക്കളയുടെ നടത്തിപ്പ് ചുമതല. നാട്ടുകാരും സംഘടനാ പ്രവർത്തകരും സന്നദ്ധ സേവകരായി ഒപ്പമുണ്ട്.

പ്രളയക്കെടുതിയിൽ ആശ്വാസമേകുന്ന വസ്തുക്കൾ നിറച്ച നാവികസേന കപ്പൽ 'മൈസൂർ' ചൊവ്വാഴ്ച ഉച്ചയോടെ മുംബൈയിൽനിന്ന് കൊച്ചി തീരത്തെത്തി. കപ്പലിലെ അവശ്യവസ്തുക്കൾ ഇറക്കുന്ന ജോലികൾ നടക്കുകയാണ്. ഇവ എത്രയും വേഗം ആവശ്യക്കാരുടെ പക്കലേക്കെത്തിക്കുമെന്നും നാവികസേനാ വൃത്തങ്ങൾ അറിയിച്ചു.